# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:895

04.03.2020-ലെ മറുപടി

**കോതമംഗലം മണ്ഡലത്തിലെ പഴയ പൈപ്പുകൾ മാറ്റാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പല സ്ഥലങ്ങളിലും കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതുമൂലം കുടിവെള്ള പ്രശ്നമുണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ എവിടെയെല്ലാം കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി), (സി) & (ഡി) | കോതമംഗലം മണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പ് മാറ്റി സ്ഥാപിക്കാനുള്ള 10 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . 10 കിലോ മീറ്ററോളം പൈപ്പ് മാറ്റി സ്ഥാപിച്ചിട്ടുണ്ട് . ഇനിയും പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുള്ള സ്ഥലങ്ങളുടെ സ്കീമും ആയതിലേക്കു വേണ്ടി കണക്കാക്കിയ തുകയും, ഇതുവരെ പൈപ്പുകൾ മാറ്റിയിട്ടുന്നതിനായി ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ട മറ്റു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | കോതമംഗലം മണ്ഡലത്തിൽ നിലവിൽ എവിടെയെല്ലാം ഇനിയും പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്നറിയിക്കാമോ; | | |
| (ഡി) | ആയതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (ഇ) | കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിയന്തരമായി മാറ്റി സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നതും അനുമതി നൽകിയ പ്രവൃത്തികൾ നടപ്പാക്കി വരുകയും ചെയ്യുന്നു. |

Prijith

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

നെല്ലിക്കുഴി പഞ്ചായത്ത്

1. സംസ്ഥാന പദ്ധതി 2015 – 16– പൈപ്പ് മാറ്റി സ്ഥാപിക്കൽ – നെല്ലിക്കുഴി ശുദ്ധജലവിതരണ പദ്ധതി – തൃക്കാരിയൂർ പമ്പ് ഹൗസ് മുതൽ ഉള്ള കേടായ 250 മി.മീ ACപമ്പിംഗ് മെയിൻ മാറ്റി സ്താപിക്കൽ – 75,00,000/- രൂപ. ചിലവാക്കിയ തുക - 55.52 ലക്ഷം രൂപ
2. സംസ്ഥാന പദ്ധതി 2016–17 – നെല്ലിക്കുഴി ശുദ്ധജല വിതരണ പദ്ധതി – തൃക്കാരിയൂർ മുതൽ നെല്ലിക്കുഴി OH tank വരെയുള്ള 250 mm AC പൈപ്പ് മാറ്റി 250 mm DI K9 പൈപ്പ് സ്ഥാപിക്കൽ – 175 ലക്ഷം രൂപ. ചിലവാക്കിയ തുക - 47.17 ലക്ഷം രൂപ
3. സംസ്ഥാന പദ്ധതി 2017–18 – നെല്ലിക്കുഴി ശുദ്ധജല വിതരണ പദ്ധതി – എം.എം. കവല **റോഡ് മുതൽ** പഴമ്പിള്ളിവോളം വരെ - 4.50 ലക്ഷം രൂപ. ബില്ല് തുക - 3.66 ലക്ഷം രൂപ

കോതമംഗലം മുനിസിപ്പാലിറ്റി

1. സംസ്ഥാന പദ്ധതി – 2016–17 കോതമംഗലം നഗരശുദ്ധജല വിതരണ പദ്ധതി – അമ്പലപ്പറമ്പ് ടാങ്ക് മുതൽ മലയിന്കീഴ് വരെ 300 mm AC പൈപ്പ് മാറ്റുന്ന പ്രവർത്തി – 75 ലക്ഷം രൂപ. ചിലവാക്കിയ തുക - 48.02 ലക്ഷം രൂപ
2. സംസ്ഥാന പദ്ധതി – 2015–16 – കോതമംഗലം ശുദ്ധജല വിതരണ പദ്ധതി – കോതമംഗലം ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും കൊള്ളിക്കാട് OH ടാങ്കിലേക്കുള്ള 200 mm AC പമ്പിംഗ് മെയിൻ മാറ്റിസ്ഥാപിക്കൽ – 50.60 ലക്ഷം രൂപ. ചിലവാക്കിയ തുക - 15.90 ലക്ഷം രൂപ
3. സംസ്ഥാന പദ്ധതി – 2016–17 – കോതമംഗലം ശുദ്ധജലവിതരണ പദ്ധതി – കോതമംഗലം ജവഹർ ജംഗ്ഷൻ മുതൽ മാതിരപ്പള്ളി വരെയുള്ള 125 mm AC പൈപ്പ് മാറ്റി 140 mm pvc പൈപ്പ് സ്ഥാപിക്കൽ – 20 ലക്ഷം രൂപ. ചിലവാക്കിയ തുക - 11.60 ലക്ഷം രൂപ
4. സംസ്ഥാന പദ്ധതി – 2018–19 – കോതമംഗലം ശുദ്ധജലവിതരണ പദ്ധതി – CST കോൺവെന്റ് മുതൽ ഇലവുംപറമ്പ് വരെയുള്ള 300 mm AC പൈപ്പ് മാറ്റി 300 mm DI K9 പൈപ്പ് (3200 m) സ്ഥാപിക്കൽ – 284.20 ലക്ഷം രൂപ. ചിലവാക്കിയ തുക - 59.85 ലക്ഷം രൂപ
5. സംസ്ഥാന പദ്ധതി – 2019–20 – കോതമംഗലം ശുദ്ധജലവിതരണ പദ്ധതി – മിനി സിവിൽ സ്റ്റേഷൻ മുതൽ കൊള്ളിക്കാട് OH tank വരെയുള്ള 200 mm AC പൈപ്പ് മാറ്റി 200 mm DI K9 പൈപ്പ് (500മീ) സ്ഥാപിക്കൽ – 26.25 ലക്ഷം രൂപ. പ്രവർത്തി നടന്നു കൊണ്ടിരിക്കുന്നു.
6. സംസ്ഥാന പദ്ധതി – 2019–20 – കോതമംഗലം ശുദ്ധജലവിതരണ പദ്ധതി – ധർമ്മഗിരി ജംഗ്ഷൻ മുതൽ MLA ഓഫീസ് വരെയും ചെറിയപള്ളി ബൈപാസ് റോഡിലുള്ള 80 mm AC പൈപ്പ് മാറ്റി 90 mm pvc പൈപ്പ് സ്ഥാപിക്കുന്നതിന് – 48 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തി ടെൻഡർ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു.
7. കോതമംഗലം മണ്ഡലത്തിൽ കിഫ്ബിയിൽ പെടുത്തി ഒരു പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ അമ്പലപറമ്പ് ടാങ്ക് മുതൽ വലിയപാറ വരെയുള്ള 300 mm AC പൈപ്പിൽ 1 കി.മീ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 72.99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ പണികൾ പൂർത്തിയായി വരുന്നു. ഫൈനൽ ബിൽ തയ്യാറാക്കി വരുന്നു.

1. കോതമംഗലം മാതിരപ്പിള്ളി മുതൽ പുതുപ്പടി വരെ 250/200 mm AC പൈപ്പ് - 4 കി.മീ - എസ്റ്റിമേറ്റ് തുക - **5 കോടി രൂപ.**
2. കോതമംഗലം കോളേജ് ജംഗ്ഷൻ മുതൽ പള്ളിപ്പടി വരെയുള്ള 125/100 mm AC പൈപ്പ് - എസ്റ്റിമേറ്റ് തുക - **1 കോടി രൂപ.**
3. കോതമംഗലം അമ്പലപറമ്പ് - വലിയപാറ റോഡ് - 300 mm AC പൈപ്പ് - 600 മീറ്റർ - എസ്റ്റിമേറ്റ് തുക - **80 ലക്ഷം രൂപ.**
4. കോതമംഗലം വലിയപാറ റോഡ് - 200 mm AC പൈപ്പ് - 1000 മീറ്റർ - എസ്റ്റിമേറ്റ് തുക - **1.50 കോടി രൂപ.**
5. കോതമംഗലം - നാടുകാണി റോഡ് - 200 mm AC പൈപ്പ് - 6000 മീറ്റർ - എസ്റ്റിമേറ്റ് തുക - **5 കോടി രൂപ.**
6. കോതമംഗലം - സബ് സ്റ്റേഷൻ - വിളയാൻ റോഡ് - 200 mm AC പൈപ്പ് - 1000 മീറ്റർ - എസ്റ്റിമേറ്റ് തുക - **1 കോടി രൂപ.**
7. കോതമംഗലം - മാതിരപ്പിള്ളി - വിളയാൽ റോഡ് - 200 mm AC പൈപ്പ് - 2000 മീറ്റർ - എസ്റ്റിമേറ്റ് തുക - **2.50 കോടി രൂപ.**
8. കോതമംഗലം -കോറിയാമല - ടാങ്ക് റോഡ് - 100 mm AC പൈപ്പ് - 300 മീറ്റർ - എസ്റ്റിമേറ്റ് തുക - **5 ലക്ഷം രൂപ.**
9. പിണ്ടിമന പഞ്ചായത്ത് - മാലിപ്പുറം - നെടുമലത്തണ്ട് റോഡ് 300/250/200 mm AC പൈപ്പ് - 3700 മീറ്റർ - എസ്റ്റിമേറ്റ് തുക - **6 കോടി രൂപ.**
10. പിണ്ടിമന പഞ്ചായത്ത് -മാലിപ്പുറം - കുളങ്ങാട്ടുകുഴി റോഡ് - 100 mm AC പൈപ്പ് - 1000 മീറ്റർ - എസ്റ്റിമേറ്റ് തുക - **60 ലക്ഷം രൂപ.**
11. കീരംപാറ പഞ്ചായത്ത് - പഴയ 150 mm സി.ഐ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - എസ്റ്റിമേറ്റ് തുക - **1 കോടി രൂപ.**
12. നെല്ലിക്കുഴി പഞ്ചായത്ത് - തൃക്കാരിയൂർ - ആയക്കാട് റോഡ് 80 mm AC പൈപ്പ് - 800 മീറ്റർ - എസ്റ്റിമേറ്റ് തുക -1 **5 ലക്ഷം രൂപ.**
13. കോട്ടപ്പടി പഞ്ചായത്ത് - കല്ലുമല ടാങ്ക് റോഡ് 100 mm AC പൈപ്പ് - 400 മീറ്റർ എസ്റ്റിമേറ്റ് തുക - **5 ലക്ഷം രൂപ.**
14. കോട്ടപ്പടി പഞ്ചായത്ത് - മുട്ടത്തുപാറ റോഡ് - 100 mm AC/100 mm GI പൈപ്പ് - 650 മീറ്റർ - എസ്റ്റിമേറ്റ് തുക - **15 ലക്ഷം രൂപ.**
15. പല്ലാരിമംഗലം പഞ്ചായത്ത് - 200 mm AC പൈപ്പ് - 1000 മീറ്റർ എസ്റ്റിമേറ്റ് തുക - **1.50 കോടി രൂപ.**
16. കിഫ്ബി പദ്ധതിയിൽപെടുത്തി കോതമംഗലം ജവഹർ ജംഗ്ഷൻ മുതൽ മാതിരപ്പിള്ളി വരെ 200 മീറ്റർ നീളത്തിൽ 300 mm AC പൈപ്പ് ലൈൻ മാറ്റി DI പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മേൽ പറഞ്ഞ 16 പ്രവൃത്തികളിലായി 38 കി.മീറ്റർ നീളത്തിൽ പൈപ്പ് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

Prijith

**സെക്ഷൻ ഓഫീസർ**